ങ്ങളും വർഗ്ഗീയ കലാപങ്ങളും നേരിടുന്നതിന് മലപ്പുറത്ത് പാണ്ടിക്കാട് ആസ്ഥാനമാക്കി ഒരു ദ്രുതകർമ്മ സേന പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനു പുറമെ ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്നതിനുള്ള മതതീവ്രവാദപ്രവർത്തങ്ങൾ അമർച്ച ചെയ്യുന്നതിനുമായി കേരള റൈഫിൾസ് എന്ന പേരിൽ മൂന്നു സായുധസേനാബറ്റാലിയനുകൾ രൂപീകരിക്കുവാനും ഉത്തരവായിട്ടുണ്ട്.

(ബി) പന്ത്രണ്ട് മത മൗലീക സംഘടനകൾ ഉള്ളതായി അറിവായിട്ടുണ്ട്. പ്രസ്തുത സംഘടനകളെ നിരോധിക്കാൻ സംസ്ഥാന സർക്കാർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇലവുംതിട്ടയിൽ പുതിയ പോലീസ് സ്റ്റേഷൻ

69(810)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിൽ മെഴുവേലി പഞ്ചായത്തിൽപ്പെട്ട ഇലവുംതിട്ടയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ വർഷത്തിൽ തന്നെ ഇലവുംതിട്ടയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) & (ഡി) ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഡി.ജി.പി. യോടാവശ്യപ്പെട്ടിട്ടുണ്ട്.

പോലീസ് ഡിപ്പാർട്ടുമെന്റിലെ കായിക താരങ്ങൾ

70(811) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര കായിക താരങ്ങൾ ജോലി ചെയ്യുന്നുണ്ട്. ഓരോ വിഭാഗത്തെയും തരംതിരിച്ച് വിശദമാക്കുമോ;

(ബി) പോലീസ് ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ് ബോൾ ടീമുകളിൽ ഇപ്പോൾ കളിക്കുന്നവരുടെ പേരുകൾ വ്യക്തമാക്കുമോ; ഈ കളിക്കാരെ തെരഞ്ഞെടുത്തത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പോലീസ് ടീമുകളിലേക്ക് കളിക്കാരെ തെരഞ്ഞെടുക്കുന്നതിന് ഉള്ള മാനദണ്ഡമെന്താണ്;

(ഡി) പുതിയ താരങ്ങളെ റിക്രൂട്ട് ചെയ്യാത്തതുമൂലം പോലീസ് ടീമുകളിൽ പുതിയ കളിക്കാർക്ക് അവസരം കിട്ടുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പോലീസ് ടീമിൽ എത്ര അർജ്ജുനാ അവാർഡ് ജേതാക്കൾ ഉണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 181 കായിക താരങ്ങൾ ജോലി ചെയ്തു വരുന്നു. ഇവരുടെ തരം തിരിച്ചുള്ള നിയമന തസ്തികകൾ താഴെ കൊടുക്കുന്നു.

എ.പി.ഐ.	- 4
എ.പി.എസ്.ഐ	- 15
ആർ.എസ്.ഐ	- 1
എ.പി.എസ്.ഐ	- 17
ഹവിൽദാർ	- 144

(ബി) കളിക്കുന്നവരുടെ പേര് വിവരവും അവരെ തെരഞ്ഞെടുത്ത തീയതിയും അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) പോലീസ് ടീമുകളിലേക്ക് കളിക്കാതെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദ്ഡങ്ങൾ കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസ് (ആംഡ് പോലീസ് ബറ്റാലിയൻ) സ്പെഷ്യൽ റൂൾസിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം അവർ നിയമിക്കപ്പെടുന്ന തസ്തികകൾക്ക് ആവശ്യമായ യോഗ്യതകൾക്ക് പുറമെ സ്പോർട്സിലോ, ഗെയിംസിലോ താഴെപ്പറയുന്ന യോഗ്യത നേടിയിരിക്കണം.

1) അംഗീകൃത സംസ്ഥാന കായിക മേളകളിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ കൈവരിച്ചവരും സംസ്ഥാനത്തെ പ്രതിനിധീകരിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവരും;

2) അംഗീകൃത സംസ്ഥാന കായിക മേളയിൽ അത്ലറ്റിക്സിലെ ടീം ഇനങ്ങളായ 4 X 100 മീറ്റർ റിലേ 4 X 400 മീറ്റർ റിലേ എന്നിവയിൽ ഒന്നാം സ്ഥാനം നേടിയവരും, സംസ്ഥാനത്തെ പ്രതിനിധീകരിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവരും

3) ഫുട്ബോൾ, വോളിബോൾ മുതലായ ഗെയിംസ് ഇനങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് അന്തർ സംസ്ഥാനമോ ദേശീയ ചാമ്പ്യൻഷിപ്പുകളിലോ പങ്കെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ടവർ.

(ഡി) പരിശോധിച്ചു വരുന്നു.

(ഇ) മൂന്ന് അർജ്ജുനാ അവാർഡ് ജേതാക്കൾ ഉണ്ട്.

1) ശ്രീ. സിറിൽ. സി. വെളളൂർ - വോളിബോൾ

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

2) ശ്രീ. കെ. ഉദയകുമാർ - വോളീബോൾ

3) ശ്രീമതി കെ.സി. ഏലമ്മ - വോളീബോൾ

പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

71(812) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പോലീസിന്റെ കൺമുന്നിൽവച്ച് നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനോ കുറ്റവാളികളെ അറസ്റ്റു ചെയ്യുന്നതിനോ പോലീസ് ശ്രമിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോലീസ് സേനയുടെ പ്രവർത്തനശൈലി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില ഒറ്റപ്പെട്ട പരാതികൾ ഉണ്ടായിട്ടുള്ളതും ആയതിൽ കുറ്റക്കാരെന്നു കണ്ടവർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നതുമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, പരിശീലനം മെച്ചപ്പെടുത്തി കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും, പൊതുജനങ്ങൾക്ക് കൂടുതൽ സംരക്ഷണവും നീതിയും ഉറപ്പാക്കുന്നതിനും ആവശ്യമായ അനേക നടപടികൾ സ്വീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. പോലീസ് സേനയിൽ സ്വീകരിച്ചിട്ടുള്ള പല പരിഷ്ക്കരണ നടപടികളുടെയും ഫലമായി സേനയുടെ ആത്മവീര്യം ഉയരുകയും പ്രവർത്തനശൈലി മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്.

സബ് ഇൻസ്പെക്ടർ പ്രൊമോഷനുള്ള കാലതാമസം

72(813) ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സബ് ഇൻസ്പെക്ടർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അർഹതപ്പെട്ടവർക്ക് എത്രയും പെട്ടെന്ന് സബ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly